**പതിനാലാം കേരള നിയമസഭ**

അഞ്ചാം സമ്മേളനം

**<u>നെടുമങ്ങാട് മണ്ഡലത്തിലെ തൊഴിലുറപ്പ് വേതനകുടിശ്ശിക</u>**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4035

16-05-2017-ൽ മറുപടിക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സി.ദിവാകരൻ** | | **ഡോ. കെ.ടി. ജലീൽ** (തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) | |
| (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ 31.03.2017 വരെ എത്ര കുടുംബങ്ങൾക്ക് തൊഴിൽ കാർഡ് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | 25,685 കുടുംബങ്ങൾക്ക് തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. |
| (ബി) | നെടുമങ്ങാട് മണ്ഡലത്തിലെ തൊഴിലുറപ്പ് തൊഴിലാളികളുടെ വേതനം പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എത്ര കുടിശ്ശിക ഉണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | കേന്ദ്രസർക്കാരിൽ നിന്നും ഫണ്ട് ലഭിയ്ക്കാത്തതിനാൽ വേതനം പൂർണ്ണമായും വിതരണം ചെയ്യാൻ സാധിച്ചിട്ടില്ല. നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ 6,72,52,450/- രൂപ വേതന ഇനത്തിൽ കുടിശ്ശികയുണ്ട് |
| (സി) | കുടിശ്ശിക വിതരണം ചെയ്യാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ? | (സി) | ഫണ്ട് ലഭിക്കുന്നതിലുണ്ടാകുന്ന കാലതാമസം ബോധ്യപ്പെട്ട് തൊഴിലാളികളുടെ വേതന കുടിശ്ശിക അടിയന്തിരമായി അനുവദിക്കണമെന്ന് ചൂണ്ടികാട്ടി 2017 ഫെബ്രുവരി മാസത്തിലും മാർച്ച് മാസത്തിലും ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ബഹു.കേന്ദ്രഗ്രാമവികസന മന്ത്രിയ്ക്ക് കത്തുകൾ നൽകിയിരുന്നു. 10.04.2017-ൽ കേന്ദ്രസർക്കാർ അവിദഗ്ദ്ധകായിക കൂലിയിനത്തിൽ 12283.79 ലക്ഷം രൂപ അനുവദിച്ചെങ്കിലും ടി തുക കൂലി കുടിശ്ശിക തീർക്കുന്നതിന് തികച്ചും അപര്യാപ്തമാണ്. ഇതേ തുടർന്ന്, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, കേന്ദ്രഗ്രാമവികസന മന്ത്രാലയത്തിലെ ജോയിന്റ് സെക്രട്ടറിയ്ക്ക് 2016-17-ലെ കൂലി കുടിശ്ശികയും 2017-18-ലെ പദ്ധതി തുകയും അടിയന്തരമായി അനുവദിക്കുന്നതിന് അപേക്ഷിച്ചിട്ടുണ്ട്. എന്നാൽ ഇതുവരെയും കേന്ദ്രഗ്രാമവികസന മന്ത്രാലയം സംസ്ഥാനം ആവശ്യപ്പെട്ട ഫണ്ട് നൽകിയിട്ടില്ല |

**സെക്ഷൻ ഓഫീസർ**